# ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ - കൊച്ചി മെട്രോയുടെ നട്ടെല്ല്

നഗരങ്ങളിൽ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനായുള്ള സേവനങ്ങളിലൊന്നാണ് മെട്രോ റെയിൽ സർവ്വീസുകൾ. ലോകമെമ്പാടുമുള്ള രാജ്യങ്ങളിൽ വർഷങ്ങളായി ഇത്തരത്തിലുള്ള ഗതാഗത സേവനങ്ങൾ നൽകി വരുന്നു. ഇന്ത്യയിൽ നിലവിൽ ഇപ്പോൾ 11 മെട്രോ റെയിൽ സർവ്വീസുകളാണുള്ളത്. 2017 നവംബർ വരെയുള്ള കണക്ക് പ്രകാരം ഇന്ത്യയിൽ 425 കിലോമീറ്റർ ദൂരം മെട്രോ സർവ്വീസുകൾ നടത്തു ന്നു. ആകെ 347 സ്റ്റേഷനുകളുമുണ്ട്. 500ലേറെ കിലോമീറ്റർ ദൂരം സർവ്വീസുകൾ നടത്തുന്ന തിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇന്ത്യയിലെ ആദ്യ മെട്രോ റെയിൽ സർവീസ് 1984ൽ പശ്ചിമ ബംഗാളിലെ കോൽക്കത്ത നഗരത്തിൽ ആരംഭിച്ച കോൽക്കത്ത മെട്രോയാണ്. ഇന്ത്യയിലെ ഏറ്റവും വലിയ മെട്രോ റെയിൽ സേവനം നൽകുന്നത് ഡൽഹി മെട്രോയും. ഏറ്റവും ഒടുവിലായി ആരംഭിച്ച മെട്രോ 2017 നവംബർ 29ന് സർവീസ് തുടങ്ങിയ ഹൈദരാബാദ് മെട്രോയും. ഈ നഗരങ്ങൾ കൂടാതെ കൊച്ചി, ചെന്നൈ, ബംഗളൂരു, ഗുഡ്ഗാവ്, മുംബൈ, ജയ്പുർ, ലഖ്നൗ എന്നീ നഗരങ്ങളിലും മെട്രോ റെയിൽ 2017 ജൂൺ 17നാണ് കേരളത്തിലെ ആദ്യ മെട്രോ റെയിൽ സർവ്വീസായ കൊച്ചി മെട്രോയ്ക്ക് തുടക്കമാകുന്നത്.

നാല് വർഷം കൊണ്ട് നിർമ്മാണം പൂർത്തിയാക്കി തുറന്ന് കൊടുത്ത കൊച്ചി മെട്രോ ഇന്ത്യയിൽ ഏറ്റവും വേഗം നിർമ്മാണം പൂർത്തിയാക്കുന്ന മെട്രോയെന്ന ഖ്യാതിയും സ്വന്തമാക്കിയിരുന്നു. പിന്നീട് ലഖ്നൗ മെട്രോ ആ നേട്ടം സ്വന്തമാക്കി. 5181 കോടി രൂപ ചെലവഴിച്ചാണ് മെട്രോ നിർമ്മിച്ചത്. ആദ്യം ആലുവ മുതൽ പാലാരിവട്ടം വരെയാണ് മെട്രോ ഗതാഗതത്തിനായി തുറന്നു കൊടുത്തത്. പാലാരിവട്ടം മുതൽ മഹാരാജാസ് കോളേജ് സ്റ്റേഡിയം വരെയുള്ള ഭാഗം നിർമ്മാണം പൂർത്തിയാക്കി 2017 ഒക്ടോബർ മൂന്നിനും തുറന്ന് നൽകി. ഇപ്പോൾ 16 സ്റ്റേഷനുകളാണ് കൊച്ചി മെട്രോയ്ക്കുള്ളത്.

## ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ

കൊച്ചി മെട്രോയിലെ ടിക്കറ്റിങ്, കസ്റ്റമർ സർവീസ്, ഹൗസ് കീപ്പിങ്, ഗാർഡനിങ് വിഭാഗങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കുടുംബശ്രീയുടേതായി രൂപം നൽകിയ സംവിധാനമാണ് ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ. സ്ത്രീകൾ മാത്രം ഫെസിലിറ്റി മാനേജ്മെന്റ് വിഭാഗം കൈകാര്യം ചെയ്യുന്ന ലോകത്തിലെ ഏക മെട്രോ സർവ്വീസാണ് കൊച്ചിയിലേത്. ഇപ്പോൾ മെട്രോ കൂടാതെ വൈറ്റില മൊബിലിറ്റി ഹബ്, പനമ്പള്ളി നഗറിലെ വാക്‌വേ എന്നിവിടങ്ങളിലെ വിവിധ സേവനങ്ങളും ഈ ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ നൽകി വരുന്നു. മെട്രോ, മൊബിലിറ്റി ഹബ്ബ് എന്നിവിടങ്ങളിൽ നിന്ന് 12 ശതമാനം അഡ്മിനിസ്ട്രേഷൻ കോസ്റ്റ് ഈടാക്കി അതുപയോഗിച്ചാണ് സെന്ററിന്റെ പ്രവർത്തനം.

### ആശയത്തിലേക്കെത്തിയ വഴി

കേരളത്തിലെ ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായ കുടുംബശ്രീയെ കൊച്ചി മെട്രോയിലെ ഫെസിലിറ്റി മാനേജ്മെന്റ് ഏൽപ്പിക്കാനുള്ള തീരുമാനം കെഎംആർഎൽ (കൊച്ചി മെട്രോ റെയിൽവേ ലിമിറ്റഡ്) കൈക്കൊള്ളുകയായിരുന്നു. 2016 ഓഗസ്റ്റിലാണ് ഇത്തരത്തിലൊരു താത്പര്യം കെഎംആർഎൽ കുടുംബശ്രീയെ അറിയിക്കുന്നത്. ടെൻഡർ നൽകാതെ തന്നെ മെട്രോയിൽ വിവിധ സേവനങ്ങളേകുന്നതിന് നോമിനേഷൻ അടിസ്ഥാനത്തിലാണ് കുടുംബശ്രീയെ തെരഞ്ഞെടുത്തത്.

### തുടക്കം

കുടുംബശ്രീ സംസ്ഥാന- ജില്ലാ മിഷനുകളും കെഎംആർഎല്ലും തമ്മിൽ നിരവധി ചർച്ചകൾ ഇതിനെക്കുറിച്ച് നടന്നു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ നേതൃത്വം നൽകിയ കുടുംബശ്രീ സംഘമാണ് ചർച്ചകൾ നടത്തിയത്. പ്രവർത്തന ങ്ങൾ എങ്ങനെയായിരിക്കണം, ഫെസിലിറ്റി മാനേജ്മെന്റ് സെന്ററിന്റെ പ്രാധാന്യം തുടങ്ങി നിരവധി കാര്യങ്ങളിൽ ചർച്ച വഴി തീരുമാനം കൈക്കൊണ്ടു. എറണാകുളം ജില്ലാ മിഷൻ കോർഡിനേറ്റർ ടാനി തോമസ് വിവിധ മെട്രോകൾ സന്ദർശിച്ചു പഠനം നടത്തി. ഒടുവിൽ 2016 ഡിസംബർ 26ന് കൊച്ചി മെട്രോയിലെ വിവിധ സേവനങ്ങൾ നൽകുന്നതിനുള്ള ചുമതല കുടുംബശ്രീയുടെ ഫെസിലിറ്റി മാനേജ്മെന്റിനെ ഏൽപ്പിക്കുന്നതിനായുള്ള ധാരണാപത്രത്തിൽ കെഎംആർഎല്ലും കുടുംബശ്രീയും ഒപ്പിട്ടു. ടിക്കറ്റിങ്, കസ്റ്റമർ സർവീസ്, ഹൗസ് കീപ്പിങ്, ഗാർഡനിങ്, ക്യാന്റീൻ, പാർക്കിങ് എന്നീ മേഖലകളിൽ പ്രവർത്തിക്കാൻ നിശ്ചിത യോഗ്യതയുള്ള

വരെ കണ്ടെത്തുക, നിയമിക്കുക, പരിശീലനം നൽകുക, ജോലിക്ക് പ്രവേശിച്ച അവരുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക എന്നീ ചുമതലകളാണ് കുടുംബശ്രീ ഫെസി ലിറ്റി മാനേജ്മെന്റ് സെന്ററിനെ കെഎംആർഎൽ ഏൽപ്പിച്ചത്. ഇതിൽ പാർക്കിങ്, ക്യാന്റീൻ എന്നിവ ഒഴികെയുള്ള മേഖലകളാണ് ഇപ്പോൾ എഫ്എംസി കൈകാര്യം ചെയ്യുന്നത്.

**ഫെസിലിറ്റി മാനേജമെന്റ് സെന്ററിന്റെ ഘടന**

എറണാകുളം ജില്ലാ മിഷന് കീഴിലാണ് സെന്റർ പ്രവർത്തിക്കുന്നത്. തുടക്കത്തിൽ കളക്ടറേറ്റിലുള്ള ജില്ലാ മിഷൻ ഓഫീസിൽ തന്നെയായിരുന്നു ഫെസിലിറ്റി മാനേജ്മെന്റ് സെന്റർ പ്രവർത്തിച്ചിരുന്നത്. പിന്നീട് 2017 മേയിൽ പേട്ടയിലെ പൂണിത്തുറയിൽ കെഎംആർഎല്ലിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേക്ക് സെന്ററിന്റെ പ്രവർത്തനം മാറ്റി. മൂന്ന് വർഷത്തെ കരാറിൽ സൗജന്യ നിരക്കിലാണ് ഈ കെട്ടിടം സെന്ററിന് നൽകിയിരിക്കുന്നത്.

- പ്രൊജക്ട് മാനേജർക്കാണ് സെന്ററിന്റെ പ്രധാന ചുമതല. മെട്രോയ്ക്കായി ഡെപ്യൂട്ടി പ്രൊജക്ട് മാനേജരുണ്ട്. അസിസ്റ്റന്റ് മാനേജർ വൈറ്റില മൊബിലിറ്റി ഹബ്ബ്, പനമ്പള്ളി നഗർ വാക്ക്വേ എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നു. ഇവർ നേരിട്ട് പ്രൊജക്ട് മാനേജർക്ക് റിപ്പോർട്ട് ചെയ്യണം.
- മെട്രോ ഡെപ്യൂട്ടി പ്രൊജക്ട് മാനേജർക്ക് കീഴിൽ കസ്റ്റമർ കെയർ, ഹൗസ് കീപ്പിങ് വിഭാഗങ്ങളുടെ അസിസ്റ്റന്റ് മാനേജർമാരുണ്ട്.
- കസ്റ്റമർ കെയർ അസിസ്റ്റന്റ് മാനേജർക്ക് കീഴിൽ ടിക്കറ്റ് ഓപ്പറേഷൻസ് മാനേജ്മെന്റ് (ടിഒഎം), എക്സസ് ഫെയർ ഓഫീസ് (ഇഎഫ്ഒ) എന്നീ വിഭാഗങ്ങളും പ്ലാറ്റ്ഫോമിൽ നിൽക്കുന്ന കസ്റ്റമർ ഫെസിലിറ്റേഷൻ (സിഎഫ്) വിഭാഗവും. നിശ്ചിത തുകയ്ക്ക് ടിക്കറ്റെടുത്ത് കയറുന്നവർ അതിൽ കൂടുതൽ ദൂരം യാത്ര ചെയ്ത് തിരികെ ഇറങ്ങാൻ ശ്രമിച്ചാൽ നടക്കാതെ വരും. അവിടെയാണ് എക്സസ് ഫെയർ ഓഫീസിന്റെ പ്രാധാന്യം. ഇവിടെ ബാക്കി തുക ഇഎഫ്ഒയ്ക്ക് നൽകിയ ശേഷമേ പുറത്തിറങ്ങാൻ കഴിയൂ.
- ഇതിൽ ടിക്കറ്റിങ് ഓപ്പറേഷൻസ്, എക്സസ് ഫെയർ ഓഫീസ് വിഭാഗത്തിന് മേൽനോട്ടം വഹിക്കാൻ മൂന്ന് ടീം ലീഡർമാരാണുള്ളത്
- ഹൗസ് കീപ്പിങ് അസിസ്റ്റന്റ് മാനേജർക്ക് കീഴിൽ അഞ്ച് ടീം ലീഡർമാ

രാണുള്ളത്. ഓരോ സ്റ്റേഷനിലും മൂന്ന് സൂപ്പർവൈസർമാരും ഡിപ്പോയിൽ ആറ് സൂപ്പർവൈസർമാരുമടക്കം ആകെ 70 സൂപ്പർവൈസർമാർ ഈ ടീം ലീഡർമാർക്ക് കീഴിലുണ്ട്. അവർക്ക് കീഴിലാണ് ക്ലീനേഴ്സ്.

<u>തുടക്ക പ്രവർത്തനം</u>

2017 മാർച്ചോടു കൂടി നിയമന പ്രവർത്തനങ്ങളെല്ലാം പൂർത്തിയാക്കണമെന്ന നിർദ്ദേശ മാണ് പ്രധാനമായും കെഎംആർഎൽ മുന്നോട്ടു വച്ചത്. തെരഞ്ഞെടുക്കപ്പെ ടുന്നവർക്ക് പരിശീലനവും മറ്റും നൽകിയ ശേഷം അതേ വർഷം ജൂണിൽ തന്നെ മെട്രോ തുറന്ന് നൽകാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ഈ ആവശ്യം കെഎംആർ എൽ ഉന്നയിച്ചത്. വളരെ ചുരുങ്ങിയ സമയം കൊണ്ട് എല്ലാ വിധ തസ്തികകളിലേക്കും വേണ്ട വിദ്യാഭ്യാസ യോഗ്യതയുള്ളവരെ കണ്ടെത്തി നിയമിക്കുക യെന്ന ചുമതലയാണ് ഫെസിലിറ്റി മാനേജ്മെന്റ് സെന്ററിന് മുന്നിലുണ്ടായിരുന്നത്.

വിവിധ തസ്തികളിലേക്കുള്ള ജോബ് നോട്ടിഫിക്കേഷൻ 2017 ജനുവരി 30ന് കുടുംബശ്രീ പ്രസിദ്ധീകരിച്ചു. പത്രങ്ങൾ വഴിയും എറണാകുളം ജില്ലയ്ക്ക് കീഴിലുള്ള 100 സിഡിഎസുകൾ വഴിയും ഇതേക്കുറിച്ചുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കുകയാ യിരുന്നു. എറണാകുളം ജില്ലയിൽ നിന്നുള്ളവർക്കായിരുന്നു മുൻഗണന. ജില്ലാ മിഷനുകളിലേക്ക് അപേക്ഷ നൽകാനായിരുന്നു നിർദ്ദേശിച്ചിരുന്നത്. കുറഞ്ഞത് ആറ് മാസ കാലയളവിൽ കുടുംബശ്രീ അംഗങ്ങളായ വനിതകളോ അല്ലെങ്കിൽ കുടുംബശ്രീ വനിതകളുടെ കുടുംബാംഗങ്ങളോ ആകണം അപേക്ഷ അയക്കേണ്ടതെന്നും നിഷ്ക്കർ ഷിച്ചിരുന്നു. അപേക്ഷിക്കാൻ ഫെബ്രുവരി പത്ത് വരെയാണ് കാലാവധി നൽകിയത്. അപേക്ഷ സ്വീകരിക്കുന്നതിനായി ജില്ലാ മിഷനിൽ പ്രത്യേക കൗണ്ടറും ഏർപ്പെ ടുത്തിയിരുന്നു.

## <u>നോട്ടിഫിക്കേഷനിലെ പ്രസക്ത ഭാഗങ്ങൾ</u>

**മുൻഗണന**

1. മെട്രോ റെയിൽ നിർമ്മാണവുമായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബാംഗം
2. ആശ്രയ കുടുംബത്തിലെ അംഗം
3. യോഗ്യരായ ഭിന്നലിംഗക്കാർ
4. അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീ

5. സ്ഥിരം ജീവനോപാധിയില്ലാതെ ഭക്ഷണത്തിന് വക കണ്ടെത്താൻ മറ്റാരുമില്ലാത്ത കുടുംബാംഗം

6. ശാരീരിക, മാനസിക വെല്ലുവിളി നേരിടുന്നവർ- കിടപ്പു രോഗികൾ- അന്ധർ, തുടങ്ങിയവർ അംഗങ്ങളായിട്ടുള്ളതോ വിധവ കുടുംബ നാഥയായിട്ടുള്ളതോ ആയ നിർദ്ധന കുടുംബത്തിലെ അംഗം

7. നിർദ്ധനരായ പട്ടകി ജാതി- പട്ടിക വർഗ്ഗ, മത്സ്യബന്ധന തൊഴിലാളികൾ തുടങ്ങി പാർശ്വവത്ക്കരിക്കപ്പെട്ട കുടുംബത്തിലെ അംഗം

8. കുടുംബശ്രീ മുഖേന ലഭ്യമായ നൈപുണ്യ പരിശീലന പരിപാടിയിൽ പരിശീലനം ലഭിച്ചവർ

**അനർഹർ**

1. പുരുഷന്മാർ
2. എറണാകുളം ജില്ലയിൽ സ്ഥിര താമസമില്ലാത്തവർ
3. കുറ്റകൃത്യങ്ങളിൽപ്പെട്ട് ശിക്ഷിക്കപ്പെട്ടവർ
4. ശാരീരിക ക്ഷമതയില്ലാത്തവർ

**മറ്റ് നിബന്ധനകൾ**

1. ദിവസ വേതനാടിസ്ഥാനത്തിലായിരിക്കും നിയമനം
2. മെട്രോയും കുടുംബശ്രീയുമായുള്ള കരാർ കാലാവധിവരെ ബന്ധപ്പെട്ട കരാറിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും നിയമനം.

വേക്കൻസികൾ:

| നമ്പർ | വിഭാഗം | തസ്തിക | പ്രായം | യോഗ്യത |
|---|---|---|---|---|
| 1 | ഹൗസ്കീപ്പിങ് | ടീം ലീഡർ | 21-45 | ഡിഗ്രി, മലയാളവും ഇംഗ്ലീഷും സംസാരിക്കണം |
| | | സൂപ്പർവൈസർ | 21-45 | പത്താം ക്ലാസ് |
| | | ക്ലീനർ | 21-50 | എട്ടാം ക്ലാസ് |
| 2 | | ഗാർഡ്നർ | 21-50 | ഗാർഡനിങ്ങിൽ മൂന്ന് വർഷത്തെ പരിചയം |

| | | | | |
|---|---|---|---|---|
| | ഗാർഡനിങ് | ഹെൽപ്പർ | 21-50 | ഗാർഡനിങ് ഹെൽപ്പറായി ഒരു വർഷ പരിചയം |
| 3 | ടിക്കറ്റിങ് | സിഎഫ് ടീം ലീഡർ | 21-35 | ഡിഗ്രി, മലയാളവും ഇംഗ്ലീഷും സംസാരിക്കണം |
| | | ടിഎം-ഇഎഫ ഓപ്പറേറ്റർ | 21-35 | 12ാം ക്ലാസ് പാസാകണം, കമ്പ്യൂട്ടർ പരിജ്ഞാനം, ഇംഗ്ലീഷും മലയാളവും സംസാരിക്കാനുള്ള കഴിവ് |
| 4. | കസ്റ്റമർ ഫെസിലിറ്റേഷൻ | കസ്റ്റമർ ഫെസിലിറ്റേഷൻ സ്റ്റാഫ് | 21-35 | 12ാം ക്ലാസ് പാസാകണം, ഇംഗ്ലീഷും മലയാളവും സംസാരിക്കാനുള്ള കഴിവ് |
| | | സർവ്വെ | 21-35 | 12ാം ക്ലാസ് പാസാകണം, കമ്പ്യൂട്ടർ പരിജ്ഞാനം, ഇംഗ്ലീഷും മലയാളവും സംസാരിക്കാനുള്ള കഴിവ് |
| | | ജനറൽ സ്റ്റാഫ് | 21-50 | എട്ടാം ക്ലാസ് പാസാകണം |
| 5. | പാർക്കിങ് | ടീം ലീഡർ | 21-45 | 12ാം ക്ലാസ് പാസാകണം, ഇംഗ്ലീഷും മലയാളവും സംസാരിക്കാനുള്ള കഴിവ് |
| | | പാർക്കിങ് സൂപ്പർവൈസർ | 21-45 | 10ാം ക്ലാസ് പാസാകണം, ഇംഗ്ലീഷും മലയാളവും സംസാരിക്കാനുള്ള കഴിവ് |
| | | പാർക്കിങ് സ്റ്റാഫ് | 21-50 | എട്ടാം ക്ലാസ് പാസാകണം |

**പരീക്ഷയും തെരഞ്ഞെടുപ്പും**

- 42000ത്തോളം അപേക്ഷകളാണ് 18 തസ്തികളിലേക്കായി ലഭിച്ചത്. ഐടി യൂണിറ്റുകളും സിഡിഎസ് അക്കൗണ്ടന്റുമാരും എല്ലാം ചേർന്ന് ഡേറ്റ എൻട്രി ചെയ്തു.
- പിന്നീട് പരീക്ഷയ്ക്കായി യോഗ്യത നേടിയ അപേക്ഷകരുടെ ലിസ്റ്റ് അതാത് സിഡിഎസുകൾക്ക് നൽകി. കൂടെ ഹോൾ ടിക്കറ്റിന്റെ ഫോർമാറ്റും.
- ഓരോ സിഡിഎസുകൾക്കും കീഴിൽ വരുന്ന അപേക്ഷകർക്ക് വിശദ വിവരങ്ങളും ഹോൾ ടിക്കറ്റുകളും നൽകേണ്ട ചുമതല സിഡിഎസുകൾക്കാ

യിരുന്നു. അഞ്ച് ദിവസങ്ങൾക്കുള്ളിലാണ് ഈ പ്രവർത്തനങ്ങളെല്ലാം പൂർത്തിയാക്കിയത്.

- ചോദ്യപേപ്പറും പരീക്ഷാ സിലബസും ജോബ് പ്രൊഫൈൽ സിഎംഡിയാണ് തയാറാക്കിയത്.
- പരീക്ഷ നടത്താനുള്ള സൗകര്യത്തിനായി വിദ്യാഭ്യാസ വകുപ്പിനെ സമീപിച്ചതോടെ 100 സ്കൂളുകൾ പരീക്ഷാ കേന്ദ്രങ്ങളായി അനുവദിച്ചു.
- ഫെബ്രുവരി 26ന് രാവിലെയും ഉച്ചയ്ക്ക് ശേഷവുമായായിരുന്നു പരീക്ഷ. എട്ടാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ യോഗ്യതയുള്ളവർക്കായി മലയാളം മീഡിയത്തിൽ രാവിലെയും പത്താം ക്ലാസിന് മുകളിൽ യോഗ്യതയുള്ളവർക്കായി ഇംഗ്ലീഷ് മീഡിയത്തിൽ ഉച്ചയ്ക്ക് ശേഷവും പരീക്ഷ നടത്തി.
- 38000ത്തോളം പരീക്ഷയെഴുതി.
- ഒഎംആർ ടെസ്റ്റാണ് നടത്തിയത്.
- വേരിഫിക്കേഷൻ പൂർത്തിയാക്കി ഇന്റർവ്യൂവിനായി മാർച്ച് ഒന്നിന് 1077 പേരുടെ ഷോർട്ട്ലിസ്റ്റ് പ്രസിദ്ധീകരിച്ചു.
- ആദ്യഘട്ടത്തിൽ 488 ഷിഫ്ടിൽ ജോലി ചെയ്യാനുള്ളവരെയായിരുന്നു ആവശ്യം. ഇതിനായി 540 പേരെ വേണ്ടിയിരുന്നു. അതിനാൽ ആദ്യ 600 പേർക്ക് ഇന്റർവ്യൂ നടത്തി മാർച്ച് ഏഴിന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഡിഎംസി, എഡിഎംസി, കൊച്ചി മെട്രോ പ്രതിനിധി എന്നിവർ എല്ലാ അഭിമുഖങ്ങൾക്കും ബോർഡ് അംഗമായിരുന്നു. മാനേജ്മെന്റ് വിഭാഗത്തിലേക്കുള്ള ഇന്റർവ്യൂ ബോർഡിൽ കുസാറ്റിൽ നിന്നുള്ള മാനേജ്മെന്റ് വിദഗ്ധനുമുണ്ടായിരുന്നു. പിന്നീട് പാർക്കിങ്ങിനായി എടുത്തവരെ മറ്റ് മേഖലകളിലേക്ക് മാറ്റി.
- രണ്ടാം ഘട്ടം ഇന്റർവ്യൂവും മറ്റും സെപ്റ്റംബറിലാണ് നടത്തിയത്. റാങ്ക് ലിസ്റ്റിൽ ശേഷിച്ചവരെ ഘട്ടം ഘട്ടമായി ഇന്റർവ്യൂ നടത്തി അതിൽ നിന്ന് 380 പേരെയോളം സെലക്ട് ചെയ്തു.

## <u>പരിശീലനം</u>

തെരഞ്ഞെടുക്കപ്പെട്ടവർക്ക് മാർച്ച് 27 മുതൽ മൂന്ന് ദിവസം പ്രമുഖ പരിശീലക സ്ഥാപനമായ മൈൻഡ്സിന്റെ നേതൃത്വത്തിൽ ആലുവയിലെ ശാന്തിഗിരി, വൈഎംസിഎ എന്നിവിടങ്ങളിൽ വച്ച് പരിശീലനം നൽകി. പേഴ്സണാലിറ്റി ഡെവലപ്പ്മെന്റ്,

ആശയവ വിനിമയം തുടങ്ങിയ വിവിധ മേഖലകളിൽ 20 ട്രെയിനർമാരാണ് പരിശീലനം നൽകിയത്.

ഏപ്രിൽ ഏഴാം തിയതി പരിശീലനം പൂർത്തിയാക്കിയവർ ജോലിക്ക് കയറാൻ തയാറായി. സ്ത്രീകൾക്കൊപ്പം ട്രാൻസ്ജെൻഡേഴ്സും തെരഞ്ഞെടുക്കപ്പെട്ടവരിൽ ഉൾപ്പെടുന്നു. ജൂൺ മുതൽ പൂർണ്ണമായും പ്രവർത്തനങ്ങൾ ആരംഭിച്ചു.

<u>നിലവിലെ പ്രവർത്തനം</u>

805 പേർക്കാണ് വിവിധ പ്രവർത്തനങ്ങൾക്കായി ഫെസിലിറ്റേഷൻ സെന്റർ വഴി നിയമനം നൽകിയിരിക്കുന്നത്. ഓരോ മാസവും മെട്രോ പ്രവർത്തനങ്ങൾക്കായി കെഎംആർഎൽ ആവശ്യപ്പെടുന്നതിന് അനുസരിച്ച് (ഷിഫ്ടുകൾ) ഇവരുടെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയാണ് പതിവ്. 28 ട്രാൻസ്ജെൻഡേഴ്സും ഇപ്പോൾ ജോലി ചെയ്യുന്നു.

**ഷിഫ്ടുകൾ**

**കസ്റ്റമർ കെയർ**

രാവിലെ ആറ് മുതൽ ഉച്ചയ്ക്ക് രണ്ട് വരെ ഉച്ചയ്ക്ക് രണ്ട് മുതൽ രാത്രി പത്ത് വരെ ഇങ്ങനെയാണ് ടിക്കറ്റിങ്ങും കസ്റ്റമർ ഫെസിലിറ്റേഷനും ഉൾപ്പെടുന്ന കസ്റ്റമർ കെയർ വിഭാഗത്തിൽ പ്രവർത്തിക്കുന്നവരുടെ ഷിഫ്ട്

**ഹൗസ് കീപ്പിങ്**

മൂന്ന് ഷിഫ്ടുകളാണ് ഹൗസ് കീപ്പിങ് വിഭാഗത്തിലുള്ളത്. രാവിലെ ഏഴ് മുതൽ ഉച്ചയ്ക്ക് രണ്ട് വരെയാണ് ആദ്യ ഷിഫ്ട്. ഉച്ചയ്ക്ക് രണ്ട് മുതൽ രാത്രി ഒമ്പത് വരെ രണ്ടാം ഷിഫ്ടും രാത്രി ഒമ്പത് മുതൽ രാവിലെ അഞ്ച് വരെ നൈറ്റ് ഷിഫ്ടും.

**ഗാർഡനിങ്**

രാവിലെ 8 മുതൽ നാല് വരെയാണ് ഗാർഡനിങ്ങിലുള്ളവരുടെ ജോലി സമയം.

**ടീം ലീഡർമാർ**

ഏവരും ജനറൽ ഷിഫ്ടാണ്. രാവിലെ പത്ത് മുതൽ ആറ് വരെയാണ് ജോലി സമയം. മാസത്തിൽ രണ്ട് നൈറ്റ് ഷിഫ്ട് ടീം ലീഡർമാർ ചെയ്യണം.

**<u>ശമ്പളം</u>**

- സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയിൽ ഓരോരുത്തർക്കും സാലറി അക്കൗണ്ടുണ്ട്.
- ഓരോരുത്തരും പ്രവർത്തിക്കുന്ന ഷിഫ്ട് അനുസരിച്ച് ദിനംപ്രതിയുള്ള തുക കണക്കാക്കിയാണ് ഓരോ മാസവും ശമ്പളം നൽകുന്നു. ഓരോരുത്തരുമെടുത്തിരിക്കുന്ന ഷിഫ്ടുകൾ അറ്റൻഡൻസ് രജിസ്ട്രറിൽ രേഖപ്പെടുത്തും. ഇത് ടീം ലീഡർമാർ പരിശോധിച്ച് ഫെസിലിറ്റി മാനേജ്മെന്റ് സെന്ററിൽ മാസാവസാനം നൽകും.
- ഇതനുസരിച്ച് എത്ര ഷിഫ്ടുകൾ എടുത്തുവെന്ന് കണക്കാക്കി ഇഎസ്എയും പിഎഫും ചേർത്തുള്ള ബിൽ കെഎംആർഎല്ലിന് ഫെസിലിറ്റി മാനേജ്മെന്റ് സെന്ററിൽ നിന്ന് നൽകും. ഇത് പരിശോധിച്ച ശേഷം 12 ശതമാനം അഡ്മിനിസ്ട്രേഷൻ കോസ്റ്റും കൂടെ കൂട്ടിയ തുക കെഎംആർഎൽ മാനേജ്മെന്റ് സെന്ററിന്റെ അക്കൗണ്ടിലേക്ക് നൽകും. ഓരോ ജോലിക്കാർക്കും എൻഇഎഫ്ടി ട്രാൻസാക്ഷൻ വഴി എഫ്എംസി നൽകും. മാസം 80 ലക്ഷം മുതൽ 1 കോടി രൂപ വരെയാണ് ശമ്പള ഇനത്തിൽ നൽകുന്നത്.

**<u>മെട്രോ എംപ്ലോയ്സിനുള്ള നേട്ടങ്ങൾ, നൽകുന്ന അംഗീകാരങ്ങൾ</u>**

- എംപ്ലോയ്സിന് മെട്രോ റെയിൽ യാത്ര സൗജന്യമാണ്
- എല്ലാ മാസവും പെർഫോമൻസ് അപ്രൈസൽ നടത്തുന്നുണ്ട്. ടീം ലീഡർമാരാണ് അപ്രൈസൽ നടത്തുന്നത്. ബെസ്റ്റ് എംപ്ലോയി ഓഫ് ദ മന്ത് ബഹുമതി നൽകി വരുന്നു. ഓരോ വിഭാഗത്തിനുമുള്ള ക്രൈറ്റീരിയ അനുസരിച്ച് മാർക്കുകൾ നൽകി കസ്റ്റമർ ഫെസിലിറ്റേഷൻ, ഹൗസ് കീപ്പിങ്, കൗണ്ടർ ഓപ്പറേഷൻസ് എന്നീ വിഭാഗങ്ങളിൽ ബെസ്റ്റ് പെർഫോമർ ഓഫ് ദ മന്ത് ബഹുമതിയും നൽകി വരുന്നു.
- ഓണത്തിന് ബോണസ് നൽകി

- സെൻട്രൽ ബാങ്കിൽ നിന്ന് ടു വീലർ ലോൺ 8.25 എന്ന പലിശ നിരക്കിൽ ഏർപ്പാടാക്കി നൽകുന്നുണ്ട്. സാധാരണയായി സാലറി അക്കൗണ്ടുള്ള സ്ഥിരം ജോലിക്കാർക്കാണ് ടൂ വീലർ ലോൺ നൽകുന്നത്. എന്നാൽ എഫ്എംസി ചർച്ചകൾ നടത്തി എംപ്ലോയ്സിന് ടൂ വീലർ ലോൺ എടുക്കാനുള്ള സൗകര്യം ഏർപ്പെടുത്തി നൽകി.

- 4.2 ലക്ഷത്തോളം ട്രാൻസാക്ഷനുകൾ ജനുവരി വരെ മെട്രോ വഴി നടന്നു കഴിഞ്ഞു. അതിൽ ആകെ 13 പരാതികൾ മാത്രമാണ് ലഭിച്ചതെന്ന് കുടുംബശ്രീ യുടെ ഫെസിലിറ്റി മാനേജ്മെന്റ് സെന്ററിന്റെ വിജയത്തെ സൂചിപ്പിക്കുന്നു.

**മെട്രോയോട് അനുബന്ധമായി കുടുംബശ്രീ യൂണിറ്റുകൾക്ക് മറ്റ് വരുമാന മാർഗ്ഗങ്ങളും എഫ്എംസി വഴി ലഭിച്ചു**

- **യൂണിഫോം-** കുടുംബശ്രീയുടെ കീഴിലുള്ള നെടുമ്പന അപ്പാരൽ പാർക്കിൽ 20 ലക്ഷം രൂപയുടെ കരാറാണ് യൂണിഫോമിനായി നൽകിയത്. 80 പേർക്ക് ഇതുവഴി ഇവിടെ തൊഴിൽ ലഭിച്ചു. ഈ തുക കുടുംബശ്രീയാണ് വഹിച്ചത്.
- **വേസ്റ്റ് മാനേജ്മെന്റ്-** എറണാകുളത്തെ ഫൈവ് സ്റ്റാർ വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റിനാണ് മെട്രോ റെയിൽവേയോട് അനുബന്ധിച്ചുള്ള വേസ്റ്റ് മാനേജ്മെന്റ് പ്രവർത്തനം നൽകിയിരിക്കുന്നത്. മാസം 1 ലക്ഷം രൂപയടുത്ത് ഈ യൂണിറ്റിന് പ്രതിഫലമായി ഇതുവഴി ലഭിക്കുന്നു.
- വൈകി പോകുന്ന സ്ത്രീകൾക്ക് സുരക്ഷിത യാത്ര ഒരുക്കാൻ കുടുംബശ്രീയ്ക്ക് കീഴിലുള്ള **ദക്ഷിൺ ട്രാവൽസ്** എന്ന ട്രാവൽ ഏജൻസി യൂണിറ്റിനെ ഏർപ്പാടാക്കി. മാസം 60000ത്തോളം വരുമാനം ലഭിക്കുന്നു.
- മെട്രോയിലേക്ക് വാട്ടർ സപ്ലേയ്ക്കായി **സെവൻ സ്റ്റാർ** വാട്ടർ സപ്ലേ എന്ന സൂക്ഷ്മ സംരംഭത്തിനാണ് നൽകിയിരിക്കുന്നത്. മാസം 26000ത്തോളം മാസവരു മാനം ഇതുവഴി ഇവർക്ക് ലഭിക്കുന്നു.

## മറ്റ് പ്രവർത്തനങ്ങൾ

മെട്രോ പ്രവർത്തനങ്ങൾ കണ്ടറിഞ്ഞ ജില്ലാ കളക്ടറുടെ പ്രത്യേക നിർദ്ദേശ പ്രകാരം വൈറ്റില മൊബിലിറ്റി ഹബ്ബിൽ ഹൗസ് കീപ്പിങ്, സെക്യൂരിറ്റി വിഭാഗത്തിൽ ആകെ 46 വേക്കൻസികളിൽ കുടുംബശ്രീ വനിതകൾ പ്രവർത്തിക്കുന്നു. സിഡിഎസ് വഴി അറിയിച്ച് ലഭിച്ച അപേക്ഷകരിൽ നിന്ന് അഭിമുഖം വഴിയാണ് തെരഞ്ഞെടുത്തത്. നവംബർ മൂന്ന് മുതൽ ഇവിടെ കുടുംബശ്രീ വനിതകൾ ജോലി ചെയ്തു വരുന്നു.

മെട്രോ വാക്ക് വേ പനമ്പള്ളി നഗർ. ഇവിടെ ഗാർഡനിങ്ങിൽ മൂന്ന് പേർ ജോലി ചെയ്യുന്നു.

## ഭാവി പ്രവർത്തനങ്ങൾ

മെട്രോ സ്റ്റേഷനുകളിൽ ഷോപ്പുകൾ തുറക്കുക, മെട്രോ റെയിൽ സർവ്വീസിനോട് അനുബന്ധിച്ച് ആരംഭിക്കുന്ന വാട്ടർ മെട്രോയുടെ ഫെസിലിറ്റി മാനേജ്മെന്റ്, വിവിധ സർക്കാർ, സ്വകാര്യ കമ്പനികളിൽ ഫെസിലിറ്റി മാനേജ്മെന്റ് സർവ്വീസ് എന്നിവ നൽകുക.